LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് താൽക്കാലിക ബണ്ട് നിർമ്മാണത്തിന് പുഴയിൽ നിക്ഷേപിക്കുന്ന മണ്ണ് പാലംപണി പൂർത്തിയാകുന്നതോടെ കരാറുകാരൻതന്നെ നീക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്.

(ബി) പൊതുമരാമത്ത് വകുപ്പ് കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ചാട്ടൽ-ചുങ്കം എന്ന പേരിൽ പാലം നിർമ്മിച്ചിട്ടില്ല.

പാലം നിർമ്മാണത്തിന്റെ ഭാഗമായി പുഴയിൽ നിക്ഷേപിച്ച മണ്ണ്

209 (5294) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലം നിർമ്മാണത്തിന്റെ ഭാഗമായി പുഴകളിൽ നിക്ഷേപിക്കുന്ന മണ്ണ് പാലത്തിന്റെ നിർമ്മാണം പൂർത്തിയായാലും നീക്കം ചെയ്യാത്തതിനാൽ പുഴകളിൽ മത്സ്യസമ്പത്തിനുണ്ടാകുന്ന കുറവും പാരിസ്ഥിതികപ്രശ്നവും കണക്കിലെടുത്ത് ഈ പ്രശ്നത്തിന് എന്തൊക്കെ പരിഹാരങ്ങളാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കണ്ണൂർ ജില്ലയിലെ മാട്ടൽ-മടക്കര പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിക്ഷേപിച്ച മണ്ണ് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് താൽക്കാലിക ബണ്ട് നിർമ്മാണത്തിന് പുഴയിൽ നിക്ഷേപിക്കുന്ന മണ്ണ് പാലം പണി പൂർത്തിയാകുന്നതോടെ കരാറുകാരെക്കൊണ്ടുതന്നെ നീക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്.

(ബി) കണ്ണൂർ ജില്ലയിലെ മാട്ടൽ-മടക്കര പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പുഴയിൽ നിക്ഷേപിച്ച മണ്ണിന്റെ ഭൂരിഭാഗവും നേരത്തെതന്നെ നീക്കം ചെയ്തിട്ടുണ്ട്. ചെളിയിൽ പുതഞ്ഞുകിടക്കുന്ന ശേഷിച്ച മണ്ണ് നീക്കംചെയ്യുന്നതിന് കരാറുകാരായ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആസ്തി വികസന സ്കീമിലെ സ്കൂളുകളിലെ കെട്ടിടനിർമ്മാണം

210 (5295) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ. ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന കടമക്കുടി, എളങ്കുന്നപ്പുഴ എന്നീ സർക്കാർ സ്കൂളുകളിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാതെ അനിശ്ചിതമായി നീണ്ടുപോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിർമ്മാണം നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള തടസ്സമെന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന എളങ്കുന്നപ്പുഴ സർക്കാർ സ്കൂളിലെ കെട്ടിട നിർമ്മാണ പ്രവൃത്തി, ഉടമ്പടി പ്രകാരം പൂർത്തിയാകേണ്ടിയിരുന്ന തീയതി 22-1-2015 ആയിരുന്നുവെങ്കിലും 31-5-2015-വരെ കാലാവധി നീട്ടിക്കൊടുക്കുകയും 29-5-2015-ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കടമക്കുടി സർക്കാർ സ്കൂളിലെ കെട്ടിടനിർമ്മാണ പ്രവൃത്തി കരാറുകാരന് ഫണ്ട് ലഭ്യമാകാത്തതിനാൽ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയായിരുന്നു. പ്രസ്തുത പ്രവൃത്തി ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്.

നോൺ പ്ലാൻ ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ സൗകര്യങ്ങൾ

211 (5296) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിൽ നോൺ പ്ലാൻ ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഓരോ നിയോജക മണ്ഡലത്തിലും എത്ര തുക വീതം അനുവദിച്ചിട്ടുണ്ട് ; ഓരോ നിയോജകമണ്ഡലങ്ങളും തിരിച്ച് വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിൽ നോൺ പ്ലാൻ ഫണ്ടുപയോഗിച്ച് റോഡുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഓരോ നിയോജകമണ്ഡലത്തിലും ദേശീയപാത വിഭാഗത്തിൻകീഴിൽ അനുവദിച്ച തുക ഓരോ മണ്ഡലങ്ങളും തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.* നിരത്ത് വിഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly